# 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **10-08-2023 - ൽ മറുപടിയ്ക്ക്**

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനി നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുതലപ്ര കോളനി, വെള്ളൂക്കുന്ന് കോളനി എന്നിവയെ തെരഞ്ഞെടുക്കുകയും പ്രസ്തുത കോളനിയുടെ വികസനത്തിനായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി ലഭിച്ചിട്ടുമുണ്ട്. കൂടാതെ, കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ പുതുച്ചിറ കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 7,34,848/- രൂപ ചെലവഴിച്ചിട്ടുണ്ട്. പായിപ്പാട് ഗ്രാമപഞ്ചായത്തിലെ അറുന്നൂറിൽ പുതുവാൻ കോളനി റോഡ്, സംരക്ഷണഭിത്തി നിർമ്മാണം എന്നിവയ്ക്കായി 23,63,000/- രൂപയും തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ KPMS ശ്മശാനം കടമാഞ്ചിറ റോഡ് പൂർത്തീകരണത്തിനായി 14,24,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഞണ്ടുകുളം എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം 16,03,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവയിൽ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ? | (ബി) | 1. വെള്ളൂക്കുന്ന് സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതിക്കായി കോർപ്പസ് ഫണ്ടിനത്തിൽ 52.5 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കുടിവെള്ള പദ്ധതിയ്ക്കുള്ള കിണർ, പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നിവ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. വാട്ടർ ടാങ്ക്, ഹൗസ് കണക്ഷൻ, മോട്ടോർ പമ്പ്, ഇലക്ട്രിഫിക്കേഷൻ എന്നിവ തുടർന്ന് നടത്തേണ്ടതായിട്ടുണ്ട്. തുടർപ്രവർത്തികൾ നടത്താൻ സാധിക്കില്ലായെന്ന് വാട്ടർ അതോറിറ്റി രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 46,70,836/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം റിലിങ്കിഷ്മെന്റ് ചെയ്ത് കിട്ടാത്തതിനാൽ തുടർ പ്രവർത്തികൾക്ക് കാലതാമസം നേരിടുന്നു.<br><br>2. വെള്ളൂക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗിന് 4,39,118/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചു. (കോർപ്പസ് ഫണ്ട്)<br><br>3. മാന്നില കോളനി റോഡ് കോൺക്രിറ്റിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവയക്ക് 5,42,992/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. (കോർപ്പസ് ഫണ്ട് )<br><br>4. മാറാട്ട്കുളം, പാലക്കുളം കോളനി റോഡിന് 8,47,753/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചു. (കോർപ്പസ് ഫണ്ട്) |

സെക്ഷൻ ഓഫീസർ